# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.79 — 25.01.2018-ൽ മറുപടിയ്ക്ക്

## ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കാൻ നടപടി

**ചോദ്യം**

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.പി.കെ.ബഷീർ
ശ്രീ.കെ.എൻ.എ.ഖാദർ
ശ്രീ.അബ്ദുൾ ഹമീദ് പി.

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കി വികസിപ്പിക്കുന്നതിനും ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനും ആലോചിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) ചിത്രാഞ്ജലി സ്റ്റുഡിയോ ഒരു ഫിലിംസിറ്റി ആയി വികസിപ്പിക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിൽ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ചാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. ടി പദ്ധതികൾക്കുള്ള എസ്.പി.വി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതികൾക്കുള്ള ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിനായി ഓപ്പൺ ടെണ്ടർ മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ ലിമിറ്റഡുമായി കരാറിൽ ഏർപ്പെടുകയും അവർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫിലിംസിറ്റി, ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മാണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ടി കമ്മിറ്റിയുടെ ആദ്യയോഗം 04.01.2018-ൽ കൂടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ